പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1034 — 08.01.2014 ൽ മറുപടിയ്ക്ക്

## പിന്നോക്ക വികസന വകുപ്പ് വിതരണം ചെയ്യേണ്ടിയിരുന്ന തുക പാഴായ സാഹചര്യം.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പ്രവർത്തന സൗകര്യങ്ങൾ നിഷേധിച്ച നടപടിമൂലം പിന്നോക്ക വികസന വകുപ്പ് വഴി വിതരണം ചെയ്യേണ്ടിയിരുന്ന തുക പാഴാകാൻ ഇടയായ സാഹചര്യം വിലയിരുത്തി യിട്ടുണ്ടോ ; | (എ) | തുക പാഴായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വേണ്ടത്ര ജീവനക്കാരും, അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഗൗരവമായ വീഴ്ച സംഭവിച്ചത് എന്തു കൊണ്ടാണ് ; | (ബി) | പിന്നോക്ക സമുദായ വികസന വകുപ്പിൽ 3 മേഖലാ ആഫീസുകൾ ആവശ്യം വേണ്ട തസ്തികകൾ സഹിതം തുടങ്ങുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| (സി) | 2013-14 സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിനായി വകുപ്പിന് എത്ര തുകയാണ് ലഭിച്ചതെന്നും അതിൽ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ ? | (സി) | 2013-14 വർഷം പിന്നാക്ക സമുദായ വികസന വകുപ്പിന് വിവിധ ശീർഷകങ്ങളിൽ (പദ്ധതി/പദ്ധതിയേതരം) വിവിധ പദ്ധതികൾക്കായി ആകെ 278.41 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (പദ്ധതി വിഹിതം : 193.5 കോടി, പദ്ധതിയിതരം : 84.91 കോടി) ഇതിൽ 99.66 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14-ൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 100 % , 50 % കേന്ദ്ര സഹായം പ്രതീക്ഷിച്ച് വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അനുസൃതമായിട്ടുള്ള കേന്ദ്രസഹായം ലഭിക്കേണ്ടതുണ്ട്. |

Vijayan

സെക്ഷൻ ഓഫീസർ